പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 597 - 06.02.2013-ലെ മറുപടിക്ക്

## റവന്യൂ വരുമാനം

**ചോദ്യം**

ശ്രീ. പി. കെ. ബഷീർ

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച നേടാനായിട്ടുണ്ടോ ; | 2012-13 സാമ്പത്തിക വർഷത്തിൽ 48,141.59 കോടി രൂപ റവന്യൂ വരുമാനം ലക്ഷ്യമിട്ടിരുന്നതിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2012 ഡിസംബർ 31 വരെ 30,436.13 കോടി രൂപ ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാനത്തോട്കൂടി മാത്രമേ റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച നേടാനായിട്ടുണ്ടോ എന്ന് വ്യക്തമാകുകയുള്ളൂ. |
| (ബി) 2012 ഡിസംബർ 31 വരെ പ്രതീക്ഷിച്ച വാർഷിക വരുമാനത്തിന്റെ എത്ര ശതമാനം പിരിച്ചെടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2012 ഡിസംബർ 31 വരെ പ്രതീക്ഷിച്ച വാർഷിക വരുമാനത്തിന്റെ 63.22 ശതമാനം സമാഹരിച്ചിട്ടുണ്ട്. |
| (സി) ഇത് ഊർജ്ജിതപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?; | ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിലൂടെ നികുതി ചോർച്ച തടയുന്നതിനും നികുതി മേൽനോട്ട സമിതിയുടെയും വില നിരീക്ഷണ സമിതിയുടെയും രൂപീകരണം, ആഡംബര സെസ്സ്, പുകയില ഉൽപന്നങ്ങൾ, മദ്യം എന്നിവയുടെ അധിക നികുതി എന്നിവയിലൂടെയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| | കൂടാതെ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയതിന്റെ ഫലമായി വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുക വഴി സർക്കാരിന്റെ അംഗീകൃത മദ്യവിൽപ്പന ശാലയിലൂടെ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിപ്പി ച്ചിട്ടുളളതിനാൽ സർക്കാരിന്റെ നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ട്. പഴയ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കിട്ടാതെ കിടന്ന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ